ട്ടിയിട്ടുണ്ട്. ഇവയിൽ, ഇലയുടെ ആകൃതിയിൽ ഉരച്ചെടുത്ത അമ്പിൻ മുനകൾ പ്രത്യേകമായി പരാമർശിക്കപ്പെട്ടിരിക്കുന്നു. ഈ പ്രദേശത്തുനിന്നു കിട്ടിയ, ചുട്ടെടുത്ത കളിമണ്ണുകൊണ്ടുള്ള, കാളയുടെ രൂപങ്ങളാണ് മറ്റൊരു ആകർഷണം. തടിച്ച മുഖവും സുഘടിത ശരീരവുമുള്ള ഈ കാളകളുടെ കൊമ്പുകളിൽ ചായം പൂരട്ടിയിരിക്കുന്നു. വളകൾ, മുത്തുമണികൾ, ഗോട്ടികൾ (മാർബിൾ), കളിമണ്ണു ചുട്ടു നിർമിച്ച കോണുകൾ, സ്പിൻഡിലുകൾ മുതലായവയും ഇവിടെ ധാരാളമായി കാണപ്പെട്ടിട്ടുണ്ട്.

കോട് ഡി ജിക്കാർ സുനിർമിതങ്ങളായ ശിലാ-ആയുധങ്ങൾ ഉപയോഗിച്ചിരുന്നതായും വെയിലത്തുണക്കിയ ഇഷ്ടകകൊണ്ടു നിർമിച്ച വീടുകളിൽ പാർത്തിരുന്നതായും തെളിഞ്ഞിട്ടുണ്ട്. ആ നഗരത്തിലെ സ്ത്രീകൾ മുത്തുമാലകൾ അണിഞ്ഞിരുന്നു; ശംഖുവളകളും കളിമണ്ണുകൊണ്ടുണ്ടാക്കി ചുട്ടെടുത്ത വളകളും അവർ ധരിച്ചിരുന്നു. അവരുടെ കുട്ടികൾ പല കളിപ്പാട്ടങ്ങൾകൊണ്ടു കളിച്ചിരുന്നു.

കോട് ഡി ജിയിലെ ആദിനിവാസികൾ എവിടെനിന്നു വന്നു? അറിഞ്ഞുകൂടാ. ഒന്നു മാത്രം പറയാം: കണ്ടുകിട്ടിയേടത്തോളം ലോകത്തിലെ അതിപ്രാചീന നഗരങ്ങളിലൊന്നാണ് കോട് ഡി ജി. അവിടെ കൂടുതൽ ഉൽഖനനം നടത്തിയാൽ ഇനിയും പല വസ്തുതകളും വെളിവായേക്കാം. കോട് ഡി ജിയിൽനിന്ന് ചിത്രലിപികളുള്ള മുദ്രകളോ മററു വസ്തുക്കളോ കിട്ടിയതായി, ഇതു സംബന്ധിച്ച റിപ്പോർട്ടിൽ പറയുന്നില്ല.

അഗ്നിബാധകൊണ്ടായിരിക്കണം കോട് ഡി ജി നശിച്ചത്. കരിഞ്ഞുകാണുന്ന അവിടത്തെ ചില അവശിഷ്ടങ്ങൾ ഈ നിഗമനത്തിലേക്കു നയിക്കുന്നു. പല തവണയായി വെള്ളപ്പൊക്കവും ഈ പ്രാചീന നഗരത്തെ ബാധിച്ചിട്ടുണ്ട്.

കോട് ഡി ജിക്കുള്ള ഏററവും വലിയ പ്രത്യേകത ആ പ്രാചീന നഗരത്തിനു ചുററുമായി കല്ലുകൊണ്ടു നിർമിച്ച ഒരു കൂററൻ മതിൽ ഉണ്ടായിരുന്നു എന്നതാണ്. അറിവായേടത്തോളം ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ആദ്യത്തെ കോട്ട കെട്ടി ഭദ്രമാക്കിയ നഗരം കോട് ഡി ജിയാണ്.

സെപ്റ്റംബർ 24-ലെ 'ഡാൺ' പത്രത്തിന്റെ 'ഓവർസീസ് വീക്ക്‌ലി'യിൽ പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടാണ് ഈ കുറിപ്പിനു് ആധാരം.

പാകിസ്ഥാനിൽ നടക്കുന്ന ഈ ഉൽഖനനങ്ങളിൽ ഇന്ത്യയിലെ ചരിത്രകാരന്മാർ തത്പരരാകേണ്ടതാണ്. ഭാരതീയ സംസ്കാരത്തിന്റെ തായ്‌വേരുകളിലേക്കാണല്ലോ ഈ പഠനങ്ങൾ നമ്മെ നയിക്കുന്നത്.

8 നവംബർ, 1982

# 63. സൈന്ധവ നാഗരികതയുടെ പഠനം

ചരിത്രത്തിൽ അന്നോളം അറിയപ്പെടാതിരുന്ന ഒരു നാഗരികത സിന്ധുനദീതീരങ്ങളിൽ സഹസ്രാബ്ദങ്ങൾക്കു മുമ്പ് നിലനിന്നിരുന്നുവെന്നറിവായതു് പത്തൊമ്പതാം നൂററാണ്ടിന്റെ മദ്ധ്യത്തിൽ സിന്ധിലെ മോഹൻജദരോ, പഞ്ചാബിലെ ഹരപ്പ എന്നിവിടങ്ങളിൽ വലിയ നഗരങ്ങളുടെ അവശിഷ്ടങ്ങൾ മണ്ണിനടിയിൽനിന്നു കണ്ടെടുത്തപ്പോഴാണ്. ഈ ഉൽഖാതാവശിഷ്ടങ്ങളിൽ അക്ഷരങ്ങളുള്ള ഒരു മുദ്ര (സീൽ) 1853-ൽ കാണപ്പെട്ടു. പിന്നീടുള്ള ഒരു നൂററാണ്ടിനിടയ്ക്ക് സിന്ധു താഴ്‌വാരത്തിൽ മാത്രമല്ല, ബോംബെമുതൽ ബംഗാൾവരെ പലേടത്തും, നടത്തിയ ഉൽഖനനങ്ങളിൽ

നിന്ന് ഈ നാഗരികതയുടെ സമ്പന്നതയും വ്യാപ്തിയും സ്വഭാവവും കാലപ്പഴക്കവും ഏറെക്കുറെ വ്യക്തമായിക്കഴിഞ്ഞിട്ടുണ്ട്. മൃഗരൂപങ്ങളോടൊപ്പം എഴുത്തുകളുമുള്ള ആയിരത്തഞ്ഞൂറിലേറെ മുദ്രകൾ ഇവിടെനിന്ന് കണ്ടുകിട്ടിയിരിക്കുന്നു. ഓരോന്നിലും നാലുമുതൽ ഒമ്പതുവരെ ലിപി ചിഹ്നങ്ങളുള്ള ഈ മുദ്രകളിലായി നാനൂറോളം വ്യത്യസ്ത അക്ഷരങ്ങൾ ഉള്ളതായാണ് കരുതപ്പെടുന്നത്. തൃപ്തികരമായി ഇനിയും ഇവ വായിക്കപ്പെട്ടിട്ടില്ല. ഇവ വായിക്കുന്നതിനുവേണ്ടി സോവിയററ് യൂണിയനിലെ സയൻസ് അക്കാദമിയുടെ ചരിത്രവിഭാഗം നടത്തിയ പരിശ്രമങ്ങളുടെ വിവരം 1981—ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതിന്റെ ഒരു സംക്ഷേപം 1982 ജനുവരിയിലെ 'ഇന്ത്യ ടുഡേ' എന്ന മാസികയിൽ ഉദ്ധരിച്ചിട്ടുണ്ട്. ഇന്ത്യയുടെ ചരിത്രത്തിലും സംസ്കാരത്തിലും താല്പര്യമുള്ള എല്ലാവരുടെയും ശ്രദ്ധ ഇതിൽ പതിയേണ്ടതാണ്.

ആദിമ സുമേറിയൻ, ക്രീററൻ എന്നീ ലിപികളുമായി സിന്ധു ലിപികൾക്ക് അല്പസ്വല്പം സാമ്യമുണ്ടെന്നതൊഴിച്ചാൽ, ലോകത്തിലെ അറിയപ്പെട്ട മററു ലിപികളുമായി വളരെയൊന്നും അടുപ്പമില്ല. ഒരേ കാര്യംതന്നെ രണ്ടു വ്യത്യസ്ത ലിപികളിൽ എഴുതിയിട്ടുള്ള മുദ്രകൾ ഒന്നുംതന്നെ കണ്ടുകിട്ടിയിട്ടുമില്ല. ഇതുനിമിത്തം സന്ദർഭാനുസരണം ചിലതു് ഊഹിക്കാമെന്നല്ലാതെ, ആ ലിപികൾ കുറിക്കുന്നതെന്തെന്ന് ഖണ്ഡിതമായി പറയുക വിഷമമാണ്. ഈ മുദ്രകൾ നിർമിച്ച ആളുകൾ സംസാരിച്ചിരുന്ന ഭാഷ ഏതാണെന്നുപോലും നമുക്കു നിശ്ചിതമായി അറിഞ്ഞുകൂടാ.

1920–കളിലും 1930–കളിലും നടന്ന പഠനങ്ങൾ ഒരു തീരുമാനത്തിലെത്തി; ഈ മുദ്രകളിലുള്ളതു് 'ഹീറോഗ്ലിഫുകൾ' എന്ന ഇനത്തിലുള്ള ലിപികളാണ്. (ഒരു വാക്കിനോ അക്ഷരത്തിനോ വർണത്തിനോ പകരം നിൽക്കുന്ന ഒരു ചിത്രമാണ് ഹീറോഗ്ലിഫ്). ചെക്കോസ്ലോവാക്യക്കാരനായ ഹ്റോസ്നി 1930–കളുടെ അവസാനത്തിൽ ഹിറൈററ്–ക്യൂനിഫോം ലിപികൾക്ക് സിന്ധുലിപികളുമായി സാമ്യമുണ്ടെന്നു കരുതി; വ്യത്യസ്തങ്ങളായി കണ്ട ഏതാനും സിന്ധുലിപികളെ ക്രീററിലെ ലൈനിയർ-എ, ഉഗാരിററിക്, ഈജിപ്ഷ്യൻ, ഫിനീഷ്യൻ എന്നീ ലിപികളുമായി സമീകരിച്ചു; അങ്ങനെ സിന്ധുലിപികളെ 'വായിച്ചു.' ഹ്റോസ്നിയുടെ അഭിപ്രായത്തിൽ ഹിറൈററുകൾ (ഹത്ഥികൾ) എന്നു ബൈബിളിൽ അറിയപ്പെടുന്ന വർഗക്കാരുടേതുപോലെ, ഇൻഡോ യൂറോപ്യൻ കുടുംബത്തിൽപ്പെട്ട, സംസ്കൃതത്തിന്റെ പ്രാഗ്രൂപമായ ഒരു ഭാഷയായിരുന്നു സൈന്ധവരുടേതു്. സൈന്ധവമുദ്രകളിൽ എഴുതിയിരുന്നതു് സുമേരിയൻഹിറൈററ്–പ്രാഗിൻഡോ–യൂറോപ്യൻ ദേവതകളുടെ പേരുകളുമായിരുന്നു.

ഫാദർ ഹേരാസ് എന്ന സ്പാനിഷ് പാതിരി ഇതിനുമുമ്പുതന്നെ സിന്ധുലിപികൾ വായിക്കാൻ ഒരു ശ്രമം നടത്തിയിരുന്നു. സൈന്ധവർ തമിഴരും, അവരുടെ ഭാഷ പഴംതമിഴും ആണെന്ന സിദ്ധാന്തത്തിലാണ് ഫാദർ ഹേരാസ് ഊന്നിനിന്നതു്. സൈന്ധവ ലിപികളിലെ മത്സ്യചിഹ്നത്തെ 'മീൻ' എന്നും, കണ്ണിനെ 'കൺ' എന്നും ഫാദർ ഹേരാസ് വായിച്ചു. നരവംശശാസ്ത്രം, മതചരിത്രം, ഇതിഹാസകഥകൾ മുതലായ പല വിജ്ഞാനശാഖകളെയും ഉപയോഗപ്പെടുത്തി എന്നതിലാണ് ഫാദർ ഹേരാസിന്റെ പഠനങ്ങളുടെ പ്രാധാന്യം. അദ്ദേഹത്തിന്റെ നിഗമനങ്ങളെ ഇന്ന് ആരും അനുകൂലിക്കുന്നില്ല.

സോവിയററ് യൂണിയനിലെ സയൻസ് അക്കാദമി 1964-ൽ ആണ് ഈ മുദ്രകൾ സംബന്ധിച്ച പഠനങ്ങൾ ആരംഭിച്ചതു്. ഭാഷാശാസ്ത്രം, ചരിത്രം, നരവംശശാസ്ത്രം മുതലായ വിഭിന്നവിജ്ഞാനശാഖകളിൽ വിദഗ്ദ്ധരായവർ ഉൾക്കൊള്ളുന്ന ഒരു കമ്മീഷൻ ഇതിനായി രൂപവത്ക്കരിച്ചു. മധ്യ-അമേരിക്കയിലെ 'മയ'ന്മാരുടെ ലിപികൾ വ്യാഖ്യാനിച്ച പ്രശ

സ്വീയാർജിച്ച ക്നോറസോവ് ആയിരുന്നു ഈ പഠനങ്ങളുടെ ചുമതല വഹിച്ചത്. പല പ്രശ്നങ്ങളും ആദ്യമേ തീരുമാനിക്കേണ്ടിയിരുന്നു. ഈ ലിപികൾ വായിക്കേണ്ടത് ഇടത്തുനിന്നു വലത്തോട്ടോ, വലത്തുനിന്ന് ഇടത്തോട്ടോ? ഇവ ഓരോന്നും പ്രതിനിധാനം ചെയ്യുന്നത് റോമൻ ലിപി പോലെ ഒരു വർണത്തെയോ, മലയാളം ലിപിപോലെ ഒരക്ഷരത്തെയോ അക്കങ്ങൾപോലെ ഒരു ആശയത്തെയോ? അതോ തികച്ചും വ്യത്യസ്തമായ ഒരു പ്രതിനിധാനരീതിയാണോ ഇവയുടേത്? ഏറെക്കുറെ ഒരേ സ്ഥാനത്ത് ഒരേ ലിപി വരുന്നതു കണ്ടാൽ അതൊരു പ്രത്യയത്തെ കുറിക്കുന്നതായി കരുതാമോ? എങ്കിൽ, സൈന്ധവഭാഷയുടെ പദനിഷ്പാദനപ്രകാരമെന്ത്? ലിപികളെ വ്യാഖ്യാനിക്കുന്നതിനു മുമ്പായി, മുദ്രകളുടെ ആകെക്കൂടിയുള്ള അർത്ഥമെന്തെന്നു തിട്ടപ്പെടുത്താമോ?

പ്രാചീന ലിപികളെപ്പറ്റി കിട്ടിയേടത്തോളം അറിവുവെച്ച് സൈന്ധവലിപികൾ മുദ്രകളിൽ വലത്തുനിന്ന് ഇടത്തോട്ടും, മറിച്ചും, എഴുതിയിട്ടുണ്ടെന്ന് സോവിയററ് ശാസ്ത്രജ്ഞർ തീരുമാനിച്ചു. ഇന്ത്യൻ പുരാതത്വശാസ്ത്രജ്ഞനായ ബി. ബി. ലാലിന്റെ സ്വതന്ത്രനിഗമനവും ഇതു തന്നെയായിരുന്നു.

മുദ്രയിൽ ഓരോ ലിപിക്കുമുള്ള വ്യത്യസ്തസ്ഥാനം അടിസ്ഥാനമാക്കി അവയുടെ താല്പര്യം നിർണയിക്കുന്നതിന് കമ്പ്യൂട്ടറുകളുടെ സഹായം തേടി. മുദ്രകളുടെ സമഷ്ടിയുടെ സ്വഭാവം ഉപയോഗിച്ച്, അവയിലെ ഓരോ ഘടകലിപിയുടേയും അർത്ഥം നിശ്ചയിക്കാനായിരുന്നു ശ്രമം. ആവർത്തനം, സ്ഥിരങ്ങളായ സഹപ്രയോഗങ്ങൾ മുതലായവ പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. ഇതിൽനിന്നെല്ലാം മനസ്സിലായത് സൈന്ധവലിപികൾ ഹീറോഗ്ലിഫുകൾ (ഒരു അക്ഷരത്തിനോ പദത്തിനോ പകരം ഒരു ചിത്രം) ആണെന്നാണ്. സൈന്ധവഭാഷയിൽ പദങ്ങളോടു പ്രത്യയങ്ങൾ ചേർക്കാറുണ്ടെന്നും, ക്രിയയെ കർത്താവിനോടു ബന്ധിക്കുന്ന ചിഹ്നമില്ലെന്നുംകൂടി കരുതപ്പെട്ടു. ഇന്ത്യയിൽ ഐ. മഹാദേവൻ നടത്തിയ പഠനങ്ങളും ഇതേ നിഗമനങ്ങളിലാണെത്തിയത്.

നാലോ അഞ്ചോ ആയിരം വർഷം മുമ്പ് സിന്ധുതീരങ്ങളിൽ ഏതു ഭാഷ പ്രചരിച്ചിരിക്കാനാണു സാധ്യത? ഇൻഡോ യൂറോപ്യൻ വിഭാഗത്തിൽപ്പെട്ട വൈദികസംസ്കൃതം ക്രിസ്തുവിനു രണ്ടായിരം വർഷം മുമ്പ് ഈ പ്രദേശത്തു നിലവിലിരുന്നതായി തെളിവുണ്ട്. വൈദിക സംസ്കൃതത്തോടടുപ്പമുള്ള ഒരു ഭാഷയാണ് ഹിറൈററ്. ഏഷ്യാമൈനറിൽ പ്രചരിച്ചിരുന്ന സുമേരിയൻ, ഏലാമൈററ് എന്നീ ഭാഷകൾ മറെറാരു ഭാഷാഗോത്രത്തെ പ്രതിനിധാനം ചെയ്യുന്നു. ദ്രാവിഡം, മുണ്ഡ എന്നിവയാണ് പ്രാചീനേന്ത്യയിൽ പ്രചരിച്ചിരുന്ന മററുരണ്ടു ഭാഷാഗോത്രങ്ങൾ. സൈന്ധവലിപികളുടെ സവിശേഷതകളിൽനിന്നു വെളിപ്പെടുന്ന ഭാഷാസ്വഭാവങ്ങൾ, ഏതോ ഒരു ദ്രാവിഡഭാഷയിലാവണം അവ എഴുതപ്പെട്ടതെന്ന നിഗമനത്തിന് ഊന്നുകൊടുക്കുന്നതായി സോവിയററ് ശാസ്ത്രജ്ഞർ കരുതി. ഫാദർ ഹേരാസിന്റെ ഊഹത്തിന്റെ തുണയ്ക്ക് ഇപ്പോൾ ശാസ്ത്രീയമായ തെളിവുകൾകൂടി വന്നെത്തി.

ഇന്നു നിലവിലുള്ള ദ്രാവിഡഭാഷകൾ ആവിർഭവിച്ചത് ക്രി. മു. 4-3 ശതാബ്ദങ്ങൾക്കും, എ. ഡി. 10-11 ശതാബ്ദങ്ങൾക്കും ഇടയ്ക്കാണെന്നാണ് ഭാഷകളുടെ ചരിത്രപരവും താരതമ്യാത്മകവുമായ പഠനം വെളിപ്പെടുത്തിയിട്ടുള്ളത്. അതിനു നാലോ അഞ്ചോ സഹസ്രാബ്ദങ്ങൾ മുമ്പ് ജീവിച്ചിരുന്ന സൈന്ധവജനത ഉപയോഗിച്ചിരുന്നത് അവിഭക്ത-മൂല-ദ്രാവിഡമോ, അതിന്റെ ഏതെങ്കിലും പ്രാചീനശാഖയോ ആയിരിക്കാം.

ഈ ഭാഷയിൽ ഏതെല്ലാം വർണങ്ങളുണ്ടായിരുന്നു? അതിൽ പദങ്ങൾ

നിർമിച്ചിരുന്നത് എങ്ങനെ? വിഭക്തികളുണ്ടായിരുന്നുവോ? മററു വ്യാകരണ ഘടകങ്ങളും ഏവ? ഇതൊക്കെ ഊഹിച്ചെടുക്കേണ്ടിയിരിക്കുന്നു.

രണ്ടുപുറത്തും എഴുത്തുള്ള ഒട്ടേറെ കല്ലുലകകൾ സൈന്ധവാവശിഷ്ടങ്ങളിൽനിന്നു കിട്ടിയിട്ടുണ്ട്. ഒരു പുറത്ത് ഒരു (ദേവൻെറ?) പേരും ചതുർത്ഥീവിഭക്തിയുടെ ചിഹ്നവുമാണെന്നു കരുതപ്പെട്ടു. മറേറവശത്ത് ഒരു വലിയ കടത്തിൻെറ ചിത്രമാണ്. അപ്പുറത്തു കത്തനെ ഒന്നുമുതൽ നാലുവരെ വരകളും ഇതു ദേവനുവഴിപാടായി നൽകപ്പെട്ട വസ്തുവിൻെറ കണക്കാവാം. അങ്ങനെ ഈ മുദ്രകൾ വഴിപാടുരേഖകൾ ആയിരിക്കാം. മററുചില മുദ്രകൾ ഭൂതബാധ അകററാനും മററും ശരീരത്തിൽ ധരിക്കുന്ന 'രക്ഷകൾ' ആയിരിക്കാം. ഇനിയും ചില മുദ്രകളിലുള്ളത് പ്രത്യേക ക്ഷേത്രങ്ങളിലെ ദേവന്മാരുടെ പേരാവാം. ഇത്തരം മുദ്രകൾ നാലോ അഞ്ചോ ആയിരം കൊല്ലം മുമ്പു നടന്ന രാഷ്ട്രീയ സംഭവങ്ങളെയോ, അന്നത്തെ ഇതിഹാസപുരാണങ്ങളെയോപററി ഒരു വിവരവും തരുന്നവയല്ല. അത്തരം വിവരങ്ങൾ ഇവയിൽനിന്നു പ്രതീക്ഷിക്കുകയും വേണ്ട.

പക്ഷേ, അന്നത്തെ ആണ്ടുവിശേഷങ്ങളും മാസവിശേഷങ്ങളും സംബന്ധിച്ച പല വിവരങ്ങളും ഇവ തരും. ഇതിൽനിന്ന് അക്കാലത്തെ സൈന്ധവരുടെ മത-സമൂഹ-സംഘടനയെപ്പററിയും കാലവിഭജനത്തെപ്പററിയും മററും പലതും മനസ്സിലാക്കാം

സൈന്ധവർ ഒരു ആണ്ടിനെ മൂന്നു മുഖ്യ ഋതുക്കളും ആറ് ഉപഋതുക്കളുമായി തിരിച്ചിരുന്നുവെന്നു സോവിയററ് ശാസ്ത്രജ്ഞർ കരുതുന്നു. സൈന്ധവ മുദ്രകളിലെ ഒററക്കൊമ്പുള്ള മൃഗം (യൂനിക്കോൺ) ഉപഋതുക്കളിലൊന്നിനേയും സംവത്സരത്തെയും പ്രതിനിധാനം ചെയ്യുന്നു. ആട്, പുലി, കാള എന്നിവയും ഉപഋതുക്കളെ പ്രതിനിധാനം ചെയ്യുന്നവയാണ്. മുഖ്യഋതുക്കളെ പ്രതിനിധാനം ചെയ്യുന്ന മൃഗരൂപങ്ങളും ഉണ്ടായിരിക്കണം. അറുപതു വർഷങ്ങളടങ്ങിയ ഒരു 'യുഗത്തെപ്പററിയുള്ള സങ്കല്പവും സൈന്ധവർക്കുണ്ടായിരുന്നു. ഈ യുഗം അഞ്ചു 'വ്യാഴവട്ട'ങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. ആറു യുഗങ്ങൾ ചേർന്ന് 360 വർഷം അടങ്ങിയ ഒരു 'മഹായുഗ'ത്തെയും അവർ സങ്കല്പിച്ചിരുന്നു.

ഒരു രാജാവിൻെറ വാഴ്ചക്കാലം പന്ത്രണ്ടു വർഷമാണെന്നായിരുന്നു പ്രചീന സങ്കല്പം. കേരളത്തിലെ മാമാങ്കത്തെപ്പററി ഓർക്കുക. പന്ത്രണ്ടു വർഷം കഴിഞ്ഞാൽ ഭൂമിയുടെ ഫലപുഷ്ടി രാജാവു വീണ്ടെടുക്കണം. ഇത്തരം സങ്കല്പങ്ങൾ സൈന്ധവർക്കുമുണ്ടായിരുന്നു.

മൃഗങ്ങളാൽ ചൂഴപ്പെട്ട ഒരു ത്രിമുഖദേവൻെറ ചിത്രം സൈന്ധവ മുദ്രകളിലുണ്ട്. ഈ ദേവനു രണ്ടു കൊമ്പുകളുള്ളവയിൽ ഓരോന്നിലും പന്ത്രണ്ടു വീതം വൃത്തങ്ങൾ കാണാം. പശുപതി ശിവൻേറതെന്നു കരുതപ്പെട്ടിരുന്ന ഈ രൂപം യഥാർത്ഥത്തിൽ വിശുദ്ധ രാജാവിൻേറതാണെന്നും, കൊമ്പുകളിലെ പന്ത്രണ്ടു വൃത്തങ്ങൾ പന്ത്രണ്ടു വർഷമടങ്ങിയ യുഗങ്ങളെ പ്രതിനിധാനം ചെയ്യുന്നുവെന്നും സോവിയററ് ശാസ്ത്രജ്ഞർ ഊഹിക്കുന്നു

സൈന്ധവ മുദ്രകളിലെ ഇരുപതു ചിഹ്നങ്ങൾ വ്യത്യസ്ത നക്ഷത്രങ്ങളെ കുറിക്കുന്നവയായിരിക്കാം.

ശിവനുപുറമേ, ശക്തി (അമ്മ), യുവാവായ യോദ്ധാവ് (മുരുകൻ), യമധർമൻ എന്നിവരെയും സൈന്ധവർ ആരാധിച്ചിരുന്നു. ചില മുദ്രകളിൽ കാണുന്ന മഹിഷബലി മുരുകൻ മഹിഷാസുരനെ നിഗ്രഹിച്ചതിനെ സൂചിപ്പിക്കുന്നതാണത്രേ. മുണ്ഡകളുടെ ഒരു ഐതിഹ്യം ചിത്രീകരിച്ചതാണ് ഒരു മുദ്രയെന്നു കരുതപ്പെടുന്നു. അതിൽ ഒരു മരത്തിൻെറ ശാഖകൾക്കിടയിൽ ഒരു ദേവനും, അദ്ദേഹത്തിൻെറ മുമ്പിൽ ഏഴു സ്ത്രീകളും മനുഷ്യമുഖമുള്ള ഒരു ആടും ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

കടലിലാണ്ടുപോയ കുമാരിഖണ്ഡത്തെപ്പററിയും പരശുരാമൻ കട

ലിൽ നിന്നുയർത്തിയെടുത്ത കരയെപ്പററിയും മററുമുള്ള സമാനങ്ങളായ ഐതിഹ്യങ്ങൾ എല്ലാ ദ്രാവിഡ ജനതകൾക്കുമുണ്ട്. സിന്ധു നാഗരികത ക്ഷയിച്ചതിനു കാരണം ഭൂകമ്പങ്ങളും വെള്ളപ്പൊക്കങ്ങളുമാണ്. ഈ പ്രകൃതികോപങ്ങളുടെ കാലത്ത് സൈന്ധവർ തെക്കോട്ടു നീങ്ങി പാർപ്പുറപ്പിച്ചിരിക്കാം.

മോഹൻജദാരോവിലെ ചില അവശിഷ്ടങ്ങൾ ഒരു മഹാക്ഷേത്രത്തിന്റേതായിരുന്നുവെന്നു കരുതപ്പെടുന്നു. സങ്കീർണമായ ഒരു മതസംഘടനയും രാഷ്ട്രസംഘടനയും സൈന്ധവർക്കുണ്ടായിരുന്നുവെന്നാണിതു കാണിക്കുന്നത്. സൈന്ധവർക്കിടയിൽ ധനികരും ദരിദ്രരും ഉണ്ടായിരുന്നു. എല്ലാ സൈന്ധവനഗരങ്ങളിലും ഒരു 'ദുർഗം' (സിററാഡൽ) ഉണ്ടായിരുന്നതായും അറിയപ്പെട്ടിട്ടുണ്ട്. നഗരാസൂത്രണവും സംരക്ഷിത ജലവിതരണവും അഴുക്കുചാൽ പദ്ധതിയുമെല്ലാം കാണിക്കുന്നത് സൈന്ധവരുടെ അധികാര കേന്ദ്രീകരണത്തെയാണ്. വർഗരഹിതമായ സൈന്ധവ സമുദായത്തെപ്പററിയുള്ള ധാരണ വെറും സങ്കല്പം മാത്രമാകുന്നു. ദ്രാവിഡ സമൂഹത്തിന്റെ കാർഷികവിജ്ഞാനം, ധനവിനിയോഗം, ഗൃഹനിർമാണം, സമൂഹത്തിനിടയിലുള്ള ഉച്ചനീചത്വങ്ങൾ മുതലായവ സംബന്ധിച്ച് ഭാഷാശാസ്ത്രത്തിൽനിന്നു കിട്ടുന്ന വിവരങ്ങൾ സൈന്ധവനാഗരികതയുടെ മേൽപ്പറഞ്ഞ സവിശേഷതകൾക്ക് ഊന്നു കൊടുക്കുന്നവയാകുന്നു.

കാമ്പൂരംനദിക്കു തെക്കുള്ള ഉത്തരേന്ത്യൻ പ്രദേശങ്ങളിൽ വടക്കെ പഞ്ചാബിലും ഹിമാലയത്താഴ്വരകളിലും ക്രി. മു. നാലാമായിരത്താണ്ടിൽ ദ്രാവിഡർ പാമീറിൽനിന്നോ മറേറാ കുടിപ്പാർപ്പുറപ്പിച്ചിരിക്കാം. പിന്നീടു അവർ സിന്ധുനദീതടത്തിലേക്കും മധ്യേന്ത്യയിലേക്കും തെക്കോട്ടും, കിഴക്കോട്ടും വ്യാപിച്ചിരിക്കാം. ഏതായാലും ഒരേ പ്രദേശത്തു ദീർഘകാലം നിലനിന്നു നല്ലപോലെ വികസിച്ച പ്രാദേശിക സംസ്കാരങ്ങളുടെ അസ്ഥിവാരത്തിന്മേൽ പടുത്തു കെട്ടപ്പെട്ടതാണ് സൈന്ധവ നാഗരികത. അതു പുറമെ എവിടെയോനിന്നു പെട്ടെന്നു കുടിയേറി വന്നതല്ല. സൈന്ധവ നാഗരികതയ്ക്കു പിന്നീടുവന്ന ആര്യനാഗരികതയോടു് അവിഭാജ്യമായ ബന്ധത്തുടർച്ചയുണ്ടെന്നതാണു മറെറാരു മുഖ്യ കാര്യം. ബൗദ്ധ–ജൈന–ഹിന്ദു–മതങ്ങളിൽ സൈന്ധവ നാഗരികതയുടെ മുദ്രകൾ ഇന്നും പതിഞ്ഞു കിടക്കുന്നു. കലകളിലും കൈവേലകളിലും കാലഗണനയിലും മതാരാധനാരീതികളിലും സൈന്ധവർ നേടിയതെല്ലാം സാമാന്യ ഭാരതീയ സംസ്കാരത്തിന്റെ ഊടും പാവുമായി മാറിയിട്ടുണ്ടെന്നും സോവിയററ് ശാസ്ത്രജ്ഞർക്കഭിപ്രായമുണ്ട്.

കൂടുതൽ കൂടുതൽ സൈന്ധവാവശിഷ്ടങ്ങൾ ഇപ്പോഴും കണ്ടുപിടിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ രംഗത്തു നമ്മുടെ അറിവു വർദ്ധിച്ചുവരുന്നു. നമ്മുടെ പൈതൃകം ശരിക്കു മനസ്സിലാക്കുന്നതിനുള്ള ഈ മഹാപരിശ്രമത്തിൽ റഷ്യൻ ശാസ്ത്രജ്ഞർ നൽകിയ സംഭാവനയ്ക്കും ശ്രേഷ്ഠ്യമായ സ്ഥാനം ഉണ്ടായിരിക്കും. അതിന്റെ വിശദാംശങ്ങൾ അറിവാൻ തീർച്ചയായും നമുക്ക് അത്യാകാംക്ഷയുണ്ട്.

13 മാർച്ച്, 1982

## 64. അമേരിക്കയിലെ ഹിന്ദുക്ഷേത്രങ്ങൾ

അമേരിക്കയിൽ ടെക്സാസ് സ്റ്റേററിലെ ഹൂസ്റ്റൺ നഗരത്തിൽ നിർമിച്ച മീനാക്ഷിക്ഷേത്രത്തിന്റെ കുംഭാഭിഷേകം ജൂൺ 27-ാം തീയതി നിർവഹിക്കപ്പെട്ടു. ഐക്യനാടുകളിലെ മൂന്നാമത്തെ വലിയ ഹിന്ദുക്ഷേത്രമാണിതു്.